**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)(ഹിന്ദി) ശ്രീമതി. ബിന്ദു. കെ ഫയൽ ചെയ്ത WP( C) No. 26578/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 25.07.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.8258/2025/GEDN    തീയതി,തിരുവനന്തപുരം, 09-10-2025

---

പരാമർശം:-

1. പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(ഹിന്ദി) ശ്രീമതി. ബിന്ദു. കെ സർക്കാരിൽ സമർപ്പിച്ച 21/06/2024 തീയതിയിലെ പുന പരിശോധനാ ഹർജി.
2. പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)(ഹിന്ദി) ശ്രീമതി. ബിന്ദു. കെ ഫയൽ ചെയ്ത WP( C) No. 26578/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 25.07.2024 തീയതിയിലെ വിധിന്യായം.
3. മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവിയുടെ 15/10/2024 തീയതിയിലെ ആർഡിഡിഎച്ച്എസ്സഇ/എംഎൽപിഎം/5249/2024- ജെ നമ്പർ കത്ത്.
4. പൊതു വിദ്യാദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കന്ററി വിഭാഗം) 16/10/2024 തീയതിയിലെ എച്ച് എസ്സ് ഇ/14733/2024/ എസിഡി2നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ)(ഹിന്ദി) ശ്രീമതി. ബിന്ദു. കെ ഫയൽ ചെയ്ത WP( C) No. 26578/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ, ഹർജിക്കാരിയെയും പ്രിൻസിപ്പാളിനെയും മറ്റു കക്ഷികളെയും കേട്ടശേഷം ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച Ext P7 പുനപരിശോധനാ ഹർജി(പരാമർശം 1) പരിശോധിച്ച് തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം 18.10.2024 ൽ ബന്ധപ്പെട്ട കക്ഷികളെ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരിയായ ശ്രീമതി ബിന്ദു കെ., മാനേജർ, പ്രിൻസിപ്പൽ എന്നിവരുടെ അപേക്ഷ ഇപ്രകാരമാണ് :

"പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗം നേരത്തെ എറണാകുളം ഉപമേഖല ഡയറക്ടറുടെ കീഴിലും ഇപ്പോൾ മലപ്പുറം ഉപമേഖല ഡയറക്ടറുടെ കീഴിലും പ്രവർത്തിച്ച് വരുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ്. 30.12.2002 മുതൽ ശ്രീമതി കെ.ബിന്ദു എന്നവരെ എച്ച്.എസ്.എസ്.റ്റി മലയാളം അദ്ധ്യാപികയായി 06.07.2024 ലെ നിയമനാംഗീകാര ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളതാണ്. അങ്ങനെ തുടരവെ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ്, കംപ്യൂട്ടർ സയൻസ് ബാച്ചുകളിൽ ഹിന്ദി തിരഞ്ഞെടുത്തിട്ടുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് ഹിന്ദി പാഠ്യവിഷയത്തിന്റെ വർക്ക് ലോഡ് ഗണ്യമായി വർദ്ധിച്ചിട്ടുള്ളതാണ്.

2008 - 09 ലെ +1-ൽ ഹിന്ദി പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം

| Group | Malayalam | Hindi | Sanskrit | Total |
|---|---|---|---|---|
| Science | | 27 | | |
| Commerce | | 32 | | |
| Humanities | | 11 | | |
| Total | | 70 | | |

2008 - 09-ലെ +2-ൽ ഹിന്ദി പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം

| Group | Malayalam | Hindi | Sanskrit | Total |
|---|---|---|---|---|
| Science | | 17 | | |
| Commerce | | 22 | | |
| Humanities | | 9 | | |
| Total | | 49 | | |

2011 - 12-ലെ +1-ൽ ഹിന്ദി പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം

| Group | Malayalam | Hindi | Sanskrit | Total |
|---|---|---|---|---|
| Science | | 20 | | |
| Computer Science | | 21 | | |
| Commerce | | 26 | | |
| Humanities | | 14 | | |
| Total | | 81 | | |

2011- 12-ലെ +2-ൽ ഹിന്ദി പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം

| Group | Malayalam | Hindi | Sanskrit | Total |
|---|---|---|---|---|
| Science | | 32 | | |
| Commerce | | 23 | | |
| Humanities | | 16 | | |
| Total | | 71 | | |

മേൽ പട്ടികയിൽ നിന്നും 2008 - 09 അദ്ധ്യയന വർഷം ഒരാഴ്ചയിൽ ഹിന്ദി വിഷയത്തിന് 18 പിരീഡുകളുടെ വർക്ക് ലോഡും 2009-10 വർഷം 24 പിരീഡുകളും ലഭ്യമാണ്. ആയതിനാൽ 2008-09 അദ്ധ്യയന വർഷം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി കെ.ബിന്ദു മേഖലാ ഉപമേധാവി മുമ്പാകെ 02.07.2013-ൽ സമർപ്പിച്ച ഹർജി അപേക്ഷയിൽ 2002-03 മുതൽ +1, +2-ൽ ഹിന്ദി പഠിച്ചിരുന്ന കുട്ടികളുടെ വിവരങ്ങൾ ചേർത്തിട്ടുള്ളതാണ്.

പക്ഷേ മേഖലാ ഉപമേധാവി 15.07.2013 മുതൽ മാത്രമേ എച്ച്.എസ്.എസ്.റ്റി ഹിന്ദി തസ്തിക അനുവദിച്ചുള്ളൂ. 2008-09 മുതൽ ശ്രീമതി ബിന്ദു തുടർന്നു വന്ന തസ്തിക എച്ച്.എസ്.റ്റി തസ്തികയായി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. 15.07.2008 മുതൽ എച്ച്.എസ്.എസ്.റ്റി തസ്തിക അനുവദിക്കുവാൻ ആവശ്യമായ വിദ്യാർത്ഥികളും വർക്ക് ലോഡും ഉണ്ടെന്നുള്ളത് വ്യക്തമാണ്. അനുബന്ധം-2(എ) കണക്കിലെടുക്കാതെയാണ് അനുബന്ധം-3 ഉത്തരവ് പാസ്സാക്കിയിട്ടുള്ളത്. 2008-09 മുതൽ എച്ച്.എസ്.എസ്.റ്റി.യായുള്ള ഫുൾ ടൈം ആനുകൂല്യങ്ങൾ ശ്രീമതി ബിന്ദു എന്നവർക്ക് നഷ്ടപ്പെട്ടിട്ടുള്ളതാണ്.

എച്ച്.എസ്.എസ്.റ്റി ജൂനിയർ ഹിന്ദി തസ്തിക എച്ച്.എസ്.എസ്.റ്റി തസ്തികയായി ഉയർത്തണമെന്നാണ് മാനേജരും ശ്രീമതി ബിന്ദു എന്നവരും ആവശ്യപ്പെട്ടിട്ടുള്ളത്. അല്ലാതെ പുതിയ തസ്തിക അനുവദിക്കണമെന്നതല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16613/2014 നമ്പർ റിട്ട് ഹർജിയിലെ 01.06.2015-ലെ വിധിയിൽ ഉണ്ടായ തത്ത്വങ്ങൾക്ക് എതിരായാണ് 2008-09 മുതൽ ശ്രീമതി ബിന്ദു തുടർന്നു വന്നിരുന്ന തസ്തിക എച്ച്.എസ്.എസ്.റ്റി ആയി ഉയർത്തപ്പെടാതിരിക്കുന്നത്. ടി വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ നമ്പർ 960/2016 ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 28.02.2019-ലെ വിധിപ്രകാരം തള്ളിയിട്ടുള്ളതാണ്. ടി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ 18120/2019 നമ്പർ എസ്.എൽ.പി സർക്കാർ ഫയൽ ചെയ്തുവെങ്കിലും ആയത് തള്ളിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ ശ്രീമതി കെ.ബിന്ദു തുടർന്നു വന്നിരുന്ന എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തിക 15.07.2008 തീയതി മുതൽ എച്ച്.എസ്.എസ്.റ്റി തസ്തികയായി അപ്ഗ്രേഡ് ചെയ്ത് ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം.എച്ച്.എസ്.എസ്.ലെ ശ്രീമതി ബിന്ദു കെ.യ്ക്ക് 06/07/2004 തീയതിയിലെ Order No.AcdA2/17585/HSE/01 പ്രകാരം 30/12/2002 മുതൽ എച്ച്.എസ്.എസ്.ടി. ജൂനിയർ ഹിന്ദി ആയി നിയമനാംഗീകാരം ലഭിക്കുകയും, 03/03/2009

തീയതിയിലെ Order No.AcdA2/17585/HSE/01 പ്രകാരം 01/11/2001 മുതൽ ടി നിയമനം പുന:ക്രമീകരിച്ച് ലഭിച്ചിട്ടുള്ളതാണ് എന്നും ശ്രീമതി ബിന്ദു കെ.യ്ക്ക് 12/11/2014 തീയതിയിലെ Order No.H/7468/2014/RDDMLPM/HSE പ്രകാരം 15/07/2013 മുതൽ എച്ച്.എസ്.എസ്.ടി. ആയി നിയമനം ലഭിച്ചിട്ടുള്ളതാണ് എന്നും അറിയിച്ചിരിക്കുന്നു.

2002-03 മുതൽ 2012-13 വരെയുള്ള തസ്തികനിർണയ ഉത്തരവുകൾ പ്രകാരം ചിറ്റിലഞ്ചേരി എം.എൻ.കെ.എം.എച്ച്.എസ്.എസ്.ൽ ഒരു ജൂനിയർ ഹിന്ദി തസ്തികയാണ് നിലവിൽ ഉള്ളത് എന്നും ഹിന്ദി കൂടാതെ ഉപഭാഷ ആയി ഒരു HSST മലയാളം, HSST Jr സംസ്കൃതം എന്നീ തസ്തികകൾ കൂടി ടി സ്കൂളിൽ നിലവിലുണ്ട് എന്നും 2011-12 അക്കാദമിക വർഷം പുതുതായി ഒരു കമ്പ്യൂട്ടർ സയൻസ് ബാച്ച് ടി സ്കൂളിൽ അനുവദിക്കുകയും ആയതിലേക്ക് 15/07/2013 മുതൽ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തു എന്നും പ്രസ്തുത ബാച്ചിലെ തസ്തികകൾ ഉൾപ്പടെ ഹിന്ദി ഉപഭാഷ അപ്ഗ്രഡേഷൻ 15/07/2013-ലെ GO(Ms)No.211/2013/GEDN പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ് എന്നും എന്നാൽ ടി ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ 21/03/2014-ലെ Order No.B3/22157/RDD/HSE/EKM/2013 തസ്തിക നിർണയ ഉത്തരവ് പ്രകാരം 2013-14 വർഷം മുതലാണ് എച്ച്.എസ്.എസ്.ടി. ഹിന്ദി തസ്തിക അനുവദിച്ചിട്ടുള്ളത് എന്നും ആയതു പ്രകാരം ടിയാൾക്ക് മലപ്പുറം ആർഡിഡി ഓഫീസിലെ H/7468/2014/RDD/MLPM/HSE തീയതി 12/11/2014 ഉത്തരവ് പ്രകാരം HSST ആയി അപ്ഗ്രഡേഷൻ നൽകിയിട്ടുണ്ട് എന്നും 2008-2009 കാലഘട്ടം മുതലുള്ള തസ്തിക നിർണയ ഉത്തരവ് പരിശോധിച്ചതിൽ നിന്നും ടി സ്കൂളിൽ HSST ഹിന്ദി തസ്തികയ്ക്ക് ആവശ്യമായ കുട്ടികൾ ഉണ്ട് എന്ന് കാണുന്നു എന്നും എന്നിരുന്നാലും ടി കാലഘട്ടത്തിൽ ഹിന്ദി അപ്ഗ്രഡേഷൻ സർക്കാർ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2008-09 മുതൽ എച്ച്.എസ്.എസ്.ടി. ഹിന്ദി തസ്തികയിൽ നിയമനം ലഭിക്കണമെന്ന ടിയാരിയുടെ ആവശ്യം അഗീകരിക്കാനാവില്ലെന്നും ആർഡിഡി അറിയിച്ചിരിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും പ്രിൻസിപ്പാളിന്റെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരി സേവനത്തിൽ തുടർന്നു വന്നിരുന്ന എച്ച്.എസ്.എസ്.ടി. ജൂനിയർ (ഹിന്ദി) തസ്തിക 15.07.2008 മുതൽ എച്ച്.എസ്.എസ്.ടി. തസ്തികയായി അപ്ഗ്രേഡ് ചെയ്യണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിക്കാരിക്ക് എച്ച്.എസ്.എസ്.ടി. ജൂനിയർ (ഹിന്ദി) തസ്തികയിൽ 30.12.2002 മുതൽ നിയമനാംഗീകാരം ലഭിക്കുകയും, പിന്നീട് 01.11.2001 മുതൽ നിയമനം പുന:ക്രമീകരിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 2002-03 മുതൽ 2012-13 വരെയുള്ള തസ്തിക നിർണ്ണയപ്രകാരം ഈ സ്കൂളിൽ ഒരു ജൂനിയർ ഹിന്ദി തസ്തികയാണ് നിലവിലുള്ളത്. 15.07.2013-ലെ G.O.(Ms)No.211/2013/GEDN പ്രകാരം ഹിന്ദി ഉപഭാഷ അപ്ഗ്രേഡ് ചെയ്തുവെങ്കിലും ടി ഉത്തരവിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 2013-14 വർഷം മുതലാണ് എച്ച്.എസ്.എസ്.ടി. (ഹിന്ദി) തസ്തിക അനുവദിച്ചിട്ടുള്ളതെന്നും, 2008-09 കാലഘട്ടം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പരിശോധിച്ചതിൽ എച്ച്.എസ്.എസ്.ടി. (ഹിന്ദി) തസ്തികയ്ക്ക് ആവശ്യമായ തസ്തികകൾ ലഭ്യമാണെന്നും, എന്നാൽ ടി കാലഘട്ടത്തിൽ ഹിന്ദി അപ്ഗ്രഡേഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ 2008-09 മുതൽ എച്ച്.എസ്.എസ്.ടി.(ഹിന്ദി) തസ്തികയിൽ നിയമനം നൽകണമെന്ന ആവശ്യം അംഗീകരിക്കാനാവില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തികകൾ അനുവദിക്കുന്ന/ഉയർത്തുന്ന (അപ്ഗ്രേഡ്) ഉത്തരവ് തീയതി മുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യത്തിന് അർഹത ഉള്ളൂ എന്നതിനാൽ, പാലക്കാട് ചിറ്റിലഞ്ചേരി എം.എൻ.കെ.എം. ഹയർ സെക്കന്ററി സ്കൂളിൽ ശ്രീമതി ബിന്ദു കെ. സേവനത്തിൽ തുടർന്നു വന്നിരുന്ന എച്ച്.എസ്.എസ്.ടി. ജൂനിയർ (ഹിന്ദി) തസ്തിക കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 15.07.2008 മുതൽ എച്ച്.എസ്.എസ്.ടി. തസ്തികയായി അപ്ഗ്രേഡ് ചെയ്യണമെന്ന പരാമർശം 1 (Ext.P7) പുന പരിശോധനാ ഹർജിയിലെ ആവശ്യം പരിഗണനാർമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി ടിയാൾ ഫയൽ ചെയ്ത WP(C)No.26578/2024-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), ജഗതി, തിരുവനന്തപുരം.

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവി, സിവിൽ സ്റ്റേഷൻ, മലപ്പുറം

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ ഡയറക്ടർ, എസ്സ്. ആർ വി സ്കൂൾ ബിൽഡിംഗ്, എറണാകുളം സൗത്ത്, എറണാകുളം

മാനേജർ, എം.എൻ.കെ.എം. ഹയർ സെക്കന്ററി സ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട്.

പ്രിൻസിപ്പൽ, എം.എൻ.കെ.എം. ഹയർ സെക്കന്ററി സ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട്.

ശ്രീമതി ബിന്ദു. കെ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(ഹിന്ദി) എം.എൻ.കെ.എം. ഹയർ സെക്കന്ററി സ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 09-10-2025 16:48:20